# വിപശ്യനാ പത്രിക

*സയാജീ ഊ ബാ ഖിൻന്റെ പരമ്പരയ്ക്കനുസരിച്ച് എസ്. എൻ. ഗോയങ്ക പഠിപ്പിച്ച ധ്യാന വിധി*

**Vol. 7, No. 8 : ആഗസ്ത് 2014** — **വിപസ്സന റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്**
**മലയാളം മാസ പത്രിക** — **ധമ്മഗിരി, ഇഗത്പുരി – 422 403, മഹാരാഷ്ട്ര**


***ധർമ്മ വാണി***

| | |
|---|---|
| *തപോ ച ബ്രഹ്മചരിയം ച,* | തപസ്സ് ചെയ്യുക, ബ്രഹ്മചര്യം പാലിക്കുക, |
| *അരിയസച്ചാന ദസ്സനം.* | ആര്യ സത്യങ്ങളെ ദർശിക്കുക, |
| *നിബ്ബാനസച്ഛികിരിയാ ച,* | നിർവ്വാണത്തെ സാക്ഷാത്കരിക്കുക. |
| *ഏതം മംഗളമുത്തമം.* | ഇതാണ് ഉത്തമമായ മംഗളം. |

— **ഖുദ്ദക നികായ, ഖുദ്ദകപാഠപാളി, മംഗളസുത്തം** (വീ.ആർ.ഐ. 1.4)

# ആന്തരികശാന്തിയുടെ ദൂതൻ : സത്യനാരായൺ ഗോയങ്ക

(വിപശ്യനാ newsletter, International edition, vol. 40, No. 3, Oct.2013 നിന്ന്)

ആഗസ്റ്റ് 2000–ത്തിലെ ഒരു വൈകിയ സായാഹ്നസമയം. ന്യൂയോർക്കിലെ ഐക്യരാഷ്ട്ര സമിതിയുടെ അസംബ്ലിഹാളിൽ Millennium World Peace Summit നെത്തിയ പ്രതിനിധികൾ ഇരിക്കുന്നു. ആത്മീയ–മത നേതാക്കളുടെ ആഗോളസമ്മേളനം ആദ്യമായി UN ൽ കൂടിയിരിക്കയാണ്. നേതാക്കളുടെ രൂക്ഷമായ പ്രസംഗങ്ങൾ കേട്ടുകേട്ട് അവർ ക്ഷീണിച്ചുതളർന്ന നിലയിലെത്തിയിരിക്കുന്നു. അവിടെ പൊതുവായ ഒരു ധാരണയിലെത്തേണ്ടതിനു പകരം മതപരിവർത്തനത്തെച്ചൊല്ലി ഡെലഗേറ്റുകൾ തമ്മിൽ വാഗ്വാദമാണുണ്ടായത്. മതപരിവർത്തനത്തെ ചിലർ തള്ളിപ്പറഞ്ഞപ്പോൾ മറ്റുചിലർ തങ്ങളുടെ ഭാഗം ന്യായീകരിച്ചു. രാഷ്ട്രീയക്കാരുടെ ശ്വാസംമുട്ടിക്കുന്ന പ്രസംഗങ്ങൾ കേട്ടുമടുത്ത ആ ഹാളിൽ ആത്മീയനേതാക്കൾ കൂടിയപ്പോഴും സ്ഥിതി ഭിന്നമായില്ല.

സമ്മേളനം തീരാറായപ്പോൾ അധികമൊന്നും അറിയപ്പെടാത്ത ഒരു വ്യക്തി, മറ്റൊരാളുടെ സഹായത്തോടെ പ്രസംഗവേദിയിലെത്തി. അദ്ദേഹത്തിന്റെ വെള്ളിത്തലമുടി വെട്ടിത്തിളങ്ങി. നന്നായിത്തയിച്ച ഒരു ഇന്ത്യൻ സ്യൂട്ടു ധരിച്ചിരുന്ന അദ്ദേഹം വേദിയിലുള്ളവർക്ക് സശ്രദ്ധം അഭിവാദ്യം നേർന്നു. ചെറുപുഞ്ചിരിയോടെ സദസ്സിനെ അവലോകനം ചെയ്തു. തുടർന്നു സംസാരിച്ച അദ്ദേഹം നിമിഷങ്ങൾക്കകം അവിടെയുണ്ടായിരുന്ന എല്ലാ വിശിഷ്ടവ്യക്തികളുടെയും ശ്രദ്ധ പിടിച്ചുപറ്റി.

''മതം മതമാകുന്നത് മനുഷ്യരെ ഒരുമിപ്പിക്കുമ്പോളാണ്.'' അദ്ദേഹം പറഞ്ഞു, ''മതം മനുഷ്യരെ വിഭജിക്കുവാനുള്ളതല്ല. മതം വിയോജിപ്പാണുണ്ടാക്കുന്നതെങ്കിൽ അതിനെ മതമെന്നു പറയാനാവില്ല. മതം മനുഷ്യരെ അകറ്റുവാനല്ല, ഐക്യപ്പെടുത്തുവാനുള്ളതാണ്.''

ഈ വാക്കുകളെ ഹർഷാരവത്തോടെയാണ് സദസ്സ് വരവേറ്റത്. ഒരു ദിവസം മുഴുവൻ വലിച്ചുനീട്ടിയ വിരസമായ വാദങ്ങളിൽ നിന്നും വ്യത്യസ്തമായിരുന്നു അത്. എത്തിയവർ ശ്രദ്ധയോടെ അതു കേട്ടിരുന്നു.

പ്രസംഗകൻ പ്രസംഗവിഷയത്തിന്റെ ചരടിൽ പിടിച്ചു:

''പരിവർത്തനത്തിന് അനുകൂലമായും പ്രതികൂലമായും സംസാരിക്കുന്നതു കേട്ടു. ഞാൻ അതിനെതിരല്ല. പക്ഷെ, ഒരു സംഘടിതമതത്തിൽ നിന്നും മറ്റൊന്നിലേക്കുള്ള മാറ്റത്തെയല്ല ഞാൻ അനുകൂലിക്കുന്നത്. ദുഃഖത്തിൽ നിന്നും സുഖത്തിലേക്ക്, ബന്ധനത്തിൽ നിന്നും വിമോചനത്തിലേക്ക്, ക്രൂരതയിൽ നിന്നും കരുണയിലേക്കുള്ള പരിവർത്തനം. ആ മാറ്റമാണ് ഇന്നത്തെ ആവശ്യം.''

ഓരോ പ്രസ്താവനയ്ക്കും കൈയ്യടിയായിരുന്നു മറുപടി. അദ്ദേഹം തന്റെ വിഷയത്തിനു കൂടുതൽ ചൂടു പകർന്നു:

''അരിശവും വെറുപ്പും ദുഷിപ്പും ശത്രുതയും നിറഞ്ഞതാണ് എന്റെ മനസ്സെങ്കിൽ എങ്ങനെയാണ് ലോകത്തിനു ശാന്തി പകരാൻ എനിക്കു സാധിക്കുക?

അതുകൊണ്ട് ലോകത്തിലെ എല്ലാ ആചാര്യന്മാരും ജ്ഞാനികളും ഋഷികളും പറയുന്നത് 'സ്വയം അറിയുക' എന്നാണ്. വെറുതെ, ബൗദ്ധിക ഭാവാത്മക ഭക്തിതലത്തിൽ മാത്രം അറിഞ്ഞാൽ പോര. യാഥാർത്ഥ്യത്തിന്റെ തലത്തിൽ അറിയണം. എപ്പോൾ നിങ്ങൾ നിങ്ങളെക്കുറിച്ചുള്ള സത്യം അനുഭവതലത്തിൽ അറിയുന്നുവോ അപ്പോൾ നിങ്ങളുടെ പല പ്രശ്നങ്ങളും പരിഹരിക്കപ്പെടും. അപ്പോൾ നിങ്ങൾ,

എല്ലാവർക്കും ഒരുപോലെ ബാധകമായ, പ്രകൃതിയെക്കുറിച്ചുള്ള, ദൈവത്തെക്കുറിച്ചുള്ള വിശ്വൈകനിയമം അറിയാൻ തുടങ്ങും.

ഞാൻ എന്നെത്തന്നെ നിരീക്ഷിക്കുമ്പോൾ, എന്നിൽ അരിശവും വെറുപ്പും മൃഗീയതയും ഉണ്ടാകുന്നതു കാണുമ്പോൾ, ആ അരിശത്തിന്റെയും വെറുപ്പിന്റെയും ദ്വേഷത്തിന്റെയും ആദ്യത്തെ ഇര ഞാൻ തന്നെയാണെന്നു തിരിച്ചറിയും. അതിനുശേഷം മാത്രമാണ് മറ്റുള്ളവരെ ഞാൻ ഉപദ്രവിക്കാൻ തുടങ്ങുന്നത്. ഞാൻ ഈ വിരുദ്ധവികാരങ്ങളിൽനിന്നും വിമുക്തനായാൽ പ്രകൃതി അഥവാ സർവ്വശക്തനായ ദൈവംതമ്പുരാൻ എനിക്കു പ്രതിഫലം തരാൻ തുടങ്ങും. എനിക്കു ശാന്തി അനുഭവമാകും.

ഒരു ഹിന്ദുവെന്നോ മുസ്ലീമെന്നോ ക്രസ്ത്യാനിയെന്നോ ജൈനനെന്നോ ഞാൻ സ്വയം വിളിച്ചതുകൊണ്ട് എനിക്കു മാറ്റമൊന്നും വരാൻ പോകുന്നില്ല. മനുഷ്യൻ മനുഷ്യനാണ്, മനസ്സു മനസ്സാണ്. മാറ്റം വരേണ്ടത് മനസ്സിനാണ്, അശുദ്ധിയിൽ നിന്നും പരിശുദ്ധിയിലേക്ക്. അതാണ് യഥാർത്ഥത്തിൽ വേണ്ടതായ പരിവർത്തനം. വേറെ പരിവർത്തനമൊന്നും ആവശ്യമില്ല.''

പ്രസംഗത്തിന് അനുവദിച്ച സമയം തീർന്നു. മണി മുഴങ്ങി. തന്റെ രാജ്യത്തെ ഒരു മുൻഭരണാധികാരിയുടെ വചനം ഉദ്ധരിക്കാനുള്ള സമയം കൂടി അദ്ദേഹം ചോദിച്ചു. അത് അനുവദിക്കപ്പെട്ടു. അദ്ദേഹം പറഞ്ഞു:

''സനേഹം, കരുണ, നന്മ എന്നീ നല്ലഗുണങ്ങൾ എല്ലാ മതങ്ങളിലും ഉണ്ട്. പുറംതോടിനു വ്യത്യാസം വരും. സാരാംശത്തിനു മാത്രം പ്രാധാന്യം കൊടുക്കുക. പിന്നെ വഴക്കില്ല. ഒന്നിനെയും കുറ്റപ്പെടുത്തേണ്ട. ഓരോ മതത്തിന്റെയും കാതലായ ഭാഗത്തിനു മാത്രം പ്രാധാന്യം കൊടുക്കുക. അവിടെ യഥാർഥ സമാധാനവും യോജിപ്പും ഉണ്ടാകും.''

അദ്ദേഹം ഉദ്ധരിച്ചത് രണ്ടു സഹസ്രാബ്ദം മുമ്പു ജീവിച്ച, ആദ്യമായി മതസൗഹാർദ്ദം സ്ഥാപിച്ച, മഹാനായ അശോകചക്രവർത്തിയുടെ വചനങ്ങളായിരുന്നു. എന്നും അശോകചക്രവർത്തിയെ മഹാനായി പരിഗണിച്ച, ആന്തരികസമാധാനത്തിന്റെ വഴി പഠിപ്പിച്ച, അതിനുവേണ്ടി ജീവിതം ഉഴിഞ്ഞുവച്ച സത്യനാരായൻ ഗോയങ്കായായിരുന്നു ആ വചനങ്ങളുദ്ധരിച്ച ദൂതൻ.

## ആദ്യനാളുകൾ

ഗോയങ്കാജിയുടെ ജീവിതയാത്ര തുടങ്ങുന്നത് 1924 ൽ മാൻഡെലയിൽ നിന്നാണ്. മ്യാൻമറിന്റെ അന്നത്തെ തലസ്ഥാനമായിരുന്നു ആ രാജധാനി. കഴിഞ്ഞ 50 വർഷമായി ബ്രിട്ടീഷുകാർ അവിടെ മേൽക്കോയ്മ സ്ഥാപിക്കയും ഇൻഡ്യയിൽ നിന്നും സാമ്പത്തികനേട്ടത്തിനായി ധാരാളം പേർ അങ്ങോട്ടു കുടിയേറുകയും ചെയ്തു. അവരിലൊരാളായിരുന്നു ഗോയങ്കാജിയുടെ പിതാമഹൻ. ആത്മീയനും സത്യസന്ധനുമായിരുന്നു അദ്ദേഹം. ഹിന്ദുവായിരുന്നെങ്കിലും മ്യാൻമറിലെ ആളുകളോടും അവരുടെ ആചാരങ്ങളോടും അദ്ദേഹത്തിന് ആദരവുണ്ടായിരുന്നു.

ആദരവിന്റെ ആ നല്ലഗുണം അദ്ദേഹം തന്റെ പേരക്കുട്ടിയിലേക്കും പകർന്നുനൽകി. ചെറുപ്പത്തിൽ ആ പിതാമഹൻ ഗോയങ്കാജിയെ മാൻഡെലയുടെ സമീപത്തുള്ള ഒരു പഗോഡയിലേക്കു കൊണ്ടുപോയത് അദ്ദേഹം ഓർമ്മിക്കുന്നു. മഹാമ്യാത് മുനി പഗോഡയിൽ ഒരു മഹാമുനി ഇരിപ്പുണ്ടായിരുന്നു. കണ്ണുകളടച്ച് ധ്യാനനിരതനായി നിശ്ശബ്ദനായി ഇരിക്കുന്ന ആ വൃദ്ധതാപസനെ നിരീക്ഷിച്ചുകൊണ്ട് ആ ബാലൻ കുറേനേരം നിന്നു. അവിടെ ശാന്തിയുടെ അന്തരീക്ഷം നിലനിൽക്കുന്നതായി ആ ബാലന് അനുഭവപ്പെട്ടു. കുട്ടിയുടെ ആദരവ് ക്രമേണ ജന്മനാടിനോടുള്ള സ്നേഹമായി നിലനിന്നു. ജീവിതത്തിലൊരിക്കലും അതിനു മാറ്റം വന്നിട്ടുമില്ല.

കുട്ടി വളർന്ന് ഹൈസ്കൂളിൽ ഒന്നാമനായി പാസ്സായി. തുടർന്നു പഠിക്കണമെന്നുണ്ടായിരുന്നെങ്കിലും അതിനു കഴിഞ്ഞില്ല. കുടുംബബിസിനസ്സായ തുണിവ്യവസായത്തിലേക്കു കടന്നു. ആയിടക്കാണ് രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെട്ടത്. 1942 ൽ ജപ്പാൻകാർ മ്യാൻമറിനെ ആക്രമിച്ചു. ഗോയങ്കാകുടുംബം കുറേപ്പേരെയും കൂട്ടി പർവ്വതപാതകളും വനങ്ങളും പിന്നിട്ട് സുരക്ഷിതത്വം നോക്കി ഇൻഡ്യയിലേക്ക് കുടിയേറി. ദുർഘടം പിടിച്ച അവരുടെ സാഹസികയാത്രയിൽ ആയിരങ്ങൾ വഴിയിൽ മരിച്ചുവീണു.

തെക്കേ ഇൻഡ്യയിലെത്തിയ ആ കുടുംബത്തെ ഒരു സുഹൃത്ത് സഹായിച്ചു. അവർക്കിവിടെ ബിസിനസ്സ് തുടങ്ങാനായി. ലോകയുദ്ധം തീരുകയും ജപ്പാൻകാർ പരാജിതരായി മ്യാൻമറിൽ നിന്നും പിന്മാറുകയും ചെയ്തതോടെ അവർ വീണ്ടും മ്യാൻമറിലേക്കുതന്നെ തിരിച്ചുപോയി. ഗോയങ്കാജി അപ്പോൾ ഇരുപതുകളുടെ പ്രായത്തിലായിരുന്നു. ബിസിനസ്സിൽ അസാമാന്യപാടവം കാണിച്ച അദ്ദേഹം ഇൻഡ്യൻ സമൂഹത്തിന്റെ നേതാവായി മാറി. എന്നാൽ സമ്പത്തോ പ്രാമാണ്യമോ അദ്ദേഹത്തിനു മനസ്സമാധാനം നൽകിയില്ല. മനസ്സിനെ തളർത്തിക്കളയുന്ന ചെന്നിക്കുത്തെന്ന ഒരിനം മാറാത്ത തലവേദന അദ്ദേഹത്തെ പിടികൂടി. വേദനസംഹാരിയായി വളരെ ഉയർന്നതോതിൽ അദ്ദേഹത്തിന് മോർഫിൻ കുത്തിവെക്കേണ്ട അവസ്ഥ വന്നു. വീണ്ടുംവീണ്ടും വേണമെന്ന ആസക്തിയുണ്ടാക്കുന്ന ഒരു മരുന്നാണ് മോർഫിൻ. ഈ രോഗത്തിന്റെ ചികിത്സയ്ക്കായി അദ്ദേഹം ജപ്പാനിലും യൂറോപ്പിലും അമേരിക്കയിലും അറിയപ്പെടുന്ന എല്ലാ വൈദ്യന്മാരുടെയും അടുത്തെത്തി. പക്ഷേ, ഫലം കിട്ടിയില്ല.

## വിപസ്സനയുമായുള്ള കൂട്ടിമുട്ടൽ

അങ്ങനെയിരുന്നപ്പോഴാണ് വടക്കൻ യാംഗൂണിൽ കുറച്ചുകാലം മുമ്പ് സായാജീ ഉ ബാക്കിൻ സ്ഥാപിച്ച International Meditation Centre ൽ പോകുവാൻ ഒരു സുഹൃത്തു നിർദ്ദേശിച്ചത്. ഒരു നിർദ്ധനകുടുംബത്തിൽ ജനിച്ച സായാജീ ഉ ബാ ക്കിൻ സ്വന്തം കഴിവു കൊണ്ട് മ്യാൻമർ ഗവണ്മെന്റിലെ ഏറ്റവും ഉയർന്ന സ്ഥാനത്ത് എത്തിയ ആളാണ്. സത്യസന്ധതയുടെയും കാര്യക്ഷമതയുടെയും കാര്യത്തിൽ അദ്ദേഹം പ്രസിദ്ധനായിരുന്നു. അതേസമയം അദ്ദേഹം ഒരു വിപസ്സനാഗുരുവും കൂടിയായിരുന്നു.

പുരാതനകാലം മുതലേ മ്യാൻമറിലെ ബുദ്ധഭിക്ഷുക്കൾ പരമ്പരാഗതമായി കൈമാറിപ്പോന്ന, സ്വയം നിരീക്ഷണം നടത്തുന്ന, ഒരു ധ്യാനരീതിയാണ് വിപസ്സന. സുഹൃത്തിന്റെ താൽപ്പര്യപ്രകാരം ആ ധ്യാനകേന്ദ്രം സന്ദർശിച്ച് അവിടെ പഠിപ്പിക്കുന്നതും അവിടത്തെ രീതികളും കണ്ടുമനസ്സിലാക്കാൻ ഗോയങ്കാജി

തീരുമാനിച്ചു. അവിടെയെത്തിയ യുവാവിനെ ദർശിച്ച മാത്രയിൽത്തന്നെ ഗുരുവായ ഉ ബാ ക്കിന് വിപസ്സനാഗുരുവെന്ന തന്റെ ദൗത്യം ഭാവിയിൽ നിറവേറ്റാൻ പോകുന്ന ഉപകരണമാണ് ആ യുവാവ് എന്നു തിരിച്ചറിഞ്ഞു.

എന്നിട്ടും അദ്ദേഹം പത്തുദിവസത്തെ കോഴ്സിനു ചേരുന്നതിൽ നിന്നും ആ യുവാവിനെ വിലക്കി. മാറാത്ത തലവേദനയായ മൈഗ്രെയിനിൽ നിന്നും ആശ്വാസം കിട്ടുന്നതിനാണ് താൻ ഈ കോഴ്സിനു ചേരുന്നതെന്ന് ഗോയങ്കാജീ അറിയിച്ചിരുന്നു. മറുപടിയായി ഉബാ ക്കിൻ പറഞ്ഞു:

''രോഗം മാറണമെന്ന ഉദ്ദേശ്യവുമായി വന്നിരിക്കുന്ന നീ ഈ ധ്യാനരീതിയെ തരംതാഴ്ത്തുകയാണു ചെയ്യുന്നത്. നീ നിന്റെ ദുഃഖത്തെയും പിരിമുറുക്കത്തെയും മാറ്റുവാനായി വരിക. അപ്പോൾ അതിന്റെ ഫലമായി നിനക്കു ശാരീരികസ്വസ്ഥതയും കിട്ടും.''

ഗോയങ്കാജി അതിനു സമ്മതിച്ചു. ഏതാനും മാസങ്ങൾ ശങ്കിച്ചുനിന്നെങ്കിലും 1955 ൽ ആദ്യമായി കോഴ്സിനു ചേർന്നു. രണ്ടാം ദിവസം ഓടിപ്പോകാൻ നോക്കിയെങ്കിലും ഒരുവിധം പിടിച്ചുനിന്നു. സ്വപ്നത്തിൽ പോലും ഉദ്ദേശിക്കാത്ത ഫലവും കിട്ടി. ശിഷ്യകാലം മുഴുവൻ അദ്ദേഹം തന്റെ പ്രഭാത വന്ദനയിൽ സായാജീ ഉ ബാ ക്കിനോടുള്ള തന്റെ അഗാധമായ കൃതജ്ഞത പ്രകടിപ്പിച്ചിരുന്നു.

തുടർന്നുള്ള വർഷങ്ങളിൽ ഇന്റർനാഷണൽ മെഡിറ്റേഷൻ സെന്ററിലേക്ക് അദ്ദേഹം പതിവായി പോകാൻ തുടങ്ങി. അദ്ദേഹം പല കുടുംബാംഗങ്ങളെയും സുഹൃത്തുക്കളെയും അവിടേക്കെത്തിച്ചു. ധ്യാനത്തോടൊപ്പം അദ്ദേഹം ബിസിനസ്സും ചെയ്തിരുന്നു. എന്നാൽ 1963 ൽ വലിയൊരു മാറ്റം സംഭവിച്ചു. മ്യാൻമറിലെ പുതിയ പട്ടാളഭരണം സ്വകാര്യസ്വത്തുക്കൾ ദേശസാൽക്കരിക്കുന്നതിനുള്ള പുതിയ പദ്ധതികൾ ആവിഷ്കരിച്ചു. ഒറ്റരാത്രികൊണ്ട് താൻ പടുത്തുയർത്തിയ വ്യവസായലോകം മുഴുവൻ ഗോയങ്കാജിക്കു നഷ്ടമായി. സ്വത്തുവകകളും നഷ്ടപ്പെട്ടു. വധശിക്ഷക്കു വിധിക്കേണ്ട മുതലാളിമാരുടെ ലിസ്റ്റിൽ ഗോയങ്കാജീയും ഉൾപ്പെട്ടു. അദ്ദേഹം ആ സാഹചര്യത്തെ സുസ്മേരവദനനായി നേരിട്ടു. തന്റെ കീഴിലുണ്ടായിരുന്ന തൊഴിലാളികളോട് നാടിനുവേണ്ടി നന്നായി പണിയെടുക്കാൻ ആഹ്വാനം ചെയ്തു. അദ്ദേഹമെഴുതിയ പുതിയ വരികളിൽ ഇങ്ങനെ കാണാം:

'പ്രകൃതിയുടെ ആഗ്രഹം അങ്ങനെയാണെങ്കിൽ ...... എന്റെ ഓരോ അണുകണവും ഈ പവിത്രനാട്ടിലെ മൺപൊടിയുമായി ചേരട്ടെ. ഇനിയും കൂടുതൽ കാലം ഞാൻ ജീവിക്കണമെന്നാണ് പ്രകൃതിയുടെ ആഗ്രഹമെങ്കിൽ എന്റെ ഓരോ ജീവശ്വാസവും മാതൃഭൂമിയോട് നന്ദി കാണിക്കുന്നതാകട്ടെ.'

### സുവർണ്ണവർഷങ്ങൾ

അവസാനം അദ്ദേഹത്തിന്റെ ജീവനുനേരേയുള്ള ഭീഷണി ഇല്ലാതായി. ഗോയങ്കാജിയുടെ വാക്കുകളിൽ പറഞ്ഞാൽ അദ്ദേഹത്തിന്റെ ജീവിതത്തിലെ സുവർണ്ണവർഷങ്ങളിലേക്ക് അദ്ദേഹം കടന്നു. ബിസിനസ് സംബന്ധമായ എല്ലാ ഉത്തരവാദിത്വങ്ങളിൽ നിന്നും വിമുക്തനായി അദ്ദേഹം മുഴുവൻ സമയവും ഗുരുവിന്റെ കൂടെ മുക്തിയുടെ മാർഗ്ഗം പഠിപ്പിച്ചുകൊണ്ട് ധർമ്മത്തിൽ മുഴുകി. അദ്ദേഹത്തിന് അതിൽ കൂടുതലായി ഒന്നും ആവശ്യമില്ലായിരുന്നു. എന്നാൽ ഉ ബാ ക്കിന് മറ്റുചില പദ്ധതികളുണ്ടായിരുന്നു.

പുരാതനകാലത്തെ ഒരു ദീർഘദർശനം അദ്ദേഹത്തിന്റെ സ്മരണയിലുണ്ടായിരുന്നു. അതായത്, ബുദ്ധനുശേഷം 2500 വർഷങ്ങൾ കഴിയുമ്പോൾ മ്യാൻമറിൽ നിന്നും ധർമ്മശാസനം ഭാരതത്തിലേക്കു തിരികെയെത്തുമെന്നും ഭാരതത്തിൽനിന്നും അതു ലോകം മുഴുവൻ വ്യാപിക്കുമെന്നും ആയിരുന്നു ആ ദീർഘദർശനം. അതു യാഥാർത്ഥ്യമാക്കുക എന്നത് ഉ ബാ ക്കിന്റെ വലിയ ആഗ്രഹമായിരുന്നു. ബുദ്ധൻ പഠിപ്പിച്ച വിപസ്സനയെ ഭാരതത്തിൽ പുനഃസ്ഥാപിക്കുക.

1960 കളിൽ മ്യാൻമർ സർക്കാർ അവിടത്തെ പൗരന്മാരെ വിദേശത്തേക്കു വിടുകയില്ലായിരുന്നു. എന്നാൽ ഇൻഡ്യൻവംശജനായതുകൊണ്ട് ഗോയങ്കാജിക്ക് ഇൻഡ്യയിലേക്കു വരാൻ അർഹതയുണ്ടായിരുന്നു. അതുകൊണ്ട് ഇൻഡ്യയിലേക്കുള്ള പാസ്പോർട്ട് ഗോയങ്കാജിക്കു കൊടുക്കുവാൻ സർക്കാർ തയ്യാറായി. അതിനുള്ള അവസരം അദ്ദേഹത്തിനു കിട്ടിയത് 1969 ലാണ്. അതിനുമുമ്പുതന്നെ അദ്ദേഹത്തിന്റെ മാതാപിതാക്കൾ ഇൻഡ്യയിലെത്തിയിരുന്നു. അദ്ദേഹത്തിന്റെ അമ്മ രോഗിയുമായി. യാത്ര തിരിക്കുന്നതിനു മുമ്പായി ഉ ബാ ക്കിൻ അദ്ദേഹത്തെ ഔപചാരികമായി വിപസ്സനാ ഗുരുവായി നിയമിച്ചു.

മ്യാൻമറിൽ വച്ച് ഇൻഡ്യൻ സമൂഹത്തിനായുള്ള രണ്ടു കോഴ്സുകൾ ഗോയങ്കാജി തന്റെ ഗുരുവിന്റെ സാന്നിദ്ധ്യത്തിൽ നടത്തി. ആ ധ്യാനശിബിരത്തിനുള്ള സ്ഥലസൗകര്യങ്ങൾ ഇൻഡ്യയിൽ ആരംഭദശയിൽ പ്രതീക്ഷിക്കാവുന്ന തരത്തിലുള്ളതായിരുന്നു. ആദ്യശിബിരം മാൻഡെലെ നഗരത്തിന്റെ പ്രാന്തപ്രദേശത്തെ ഒരു കെട്ടിടത്തിന്റെ മുകളിലായിരുന്നു. അതും, രണ്ടു സിനിമാതിയേറ്ററുകളിലെ ഉച്ചഭാഷിണികളുടെ നടുവിൽ. മുളകൾ കൊണ്ടുണ്ടാക്കിയ കുടിലുകളിൽ സാധകർ കിടന്നു. അവർ അസൗകര്യങ്ങളെ കാര്യമാക്കിയില്ല. അങ്ങനെ, മഹാഗുരുവിൽ നിന്നും നേരിട്ടുള്ള ശിക്ഷണത്തിന്റെ ഭാഗ്യം ഗോയങ്കാജീക്കു കിട്ടി.

ഉ ബാ ക്കിന്റെ അരുകിലിരുന്നായിരുന്നു ഗോയങ്കാജിയുടെ ആദ്യ പ്രഭാഷണങ്ങൾ. ക്രമേണ അതു പരിചിതമായി. പങ്കെടുത്തവർ ഇൻഡ്യക്കാരായതുകൊണ്ട് ഹിന്ദിയിലായിരുന്നു പ്രഭാഷണം. സംസാരിക്കാൻ നല്ല വശമില്ലെങ്കിലും സായാജിക്ക് ഹിന്ദിഭാഷ അറിയാമായിരുന്നു. ഇടയ്ക്കിടെ അദ്ദേഹം ചെരിഞ്ഞിരുന്ന് ഗോയങ്കാജിയോട് മെല്ലെ പറയും: 'ബുദ്ധന്റെ ചില ശിഷ്യന്മാരെക്കുറിച്ച് ഇപ്പോൾ പറയുക! വിശാഖ മാതായെക്കുറിച്ച് ഇപ്പോൾ പറയുക! അംഗുലീമാലയെക്കുറിച്ചു പറയുക!' അപ്പോൾ താൻ പറഞ്ഞതെല്ലാം വിട്ടിട്ട് ഗുരു പറഞ്ഞത് അതേപടി ഗോയങ്കാജി അനുസരിച്ചു. ഒരു പ്രഭാഷണം നടത്തുകയെന്നത് വെള്ളമൊഴുകുന്നതുപോലെയാണെന്നു പിന്നിടു ഗോയങ്കാജി പറഞ്ഞിട്ടുണ്ട്. അനായാസം വാക്കുകൾ ഒഴുകിവന്നുകൊണ്ടേയിരിക്കും. .....തുടരും

....................